# THE SYRO-MALANKARA CATHOLIC CHURCH

**MORAN MOR BASELIOS CARDINAL CLEEMIS**
Major Archbishop-Catholicos

Major Archiepiscopal Curia
Catholicate Centre
Pattom, Trivandrum-695004

No. CCL 2/2016

01 JUNE 2016

## സർക്കുലർ

## മാർ ഈവാനിയോസ് പ്രെയർ മിനിസ്ട്രി

വന്ദ്യ കോറെപ്പിസ്കോപ്പാമാരേ, റമ്പാന്മാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, ബഹുമാനപ്പെട്ട സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളെ,

ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ വിശുദ്ധിയുടെ പരിമളം സഭ മുഴുവനിലും വ്യാപിക്കുന്നു എന്നതിൽ ദൈവത്തെ സ്തുതിക്കുന്നു. പുണ്യപിതാവിന്റെ കബറിങ്കൽ ആയിരക്കണക്കിന് വ്യക്തികൾ മാധ്യസ്ഥത്തിനായി കടന്നുവരുന്നത് കാണുമ്പോൾ വന്ദ്യപിതാവിന്റെ വിശുദ്ധ ജീവിതത്തെക്കുറിച്ച് നമുക്ക് കൂടുതൽ ബോധ്യം ലഭിക്കുന്നു. **പട്ടം സെന്റ് മേരീസ് കത്തീഡ്രലിൽ സ്ഥിതി ചെയ്യുന്ന വന്ദ്യ പിതാവിന്റെ കബറിടത്തിൽ വർഷത്തിൽ എല്ലാ ദിവസവും തുടർച്ചയായി രാവിലെ 9 മണി മുതൽ വൈകിട്ട് 5 മണി വരെ മധ്യസ്ഥ പ്രാർത്ഥന നടത്താൻ തീരുമാനിച്ചിരിക്കുന്നു.** ഈ മാധ്യസ്ഥ പ്രാർത്ഥനയുടെ ഉത്തരവാദിത്തം മലങ്കര സുറിയാനി കത്തോലിക്കാ സുവിശേഷസംഘം ഏറ്റെടുത്തു നിർവ്വഹിക്കുന്നതാണ്. സുവിശേഷസംഘം നേതൃത്വം നല്കുന്ന ചെറിയൊരു സംഘം ഒരു ബഹു. സിസ്റ്ററിന്റെ നേതൃത്വത്തിൽ പ്രാർത്ഥന നയിക്കുന്നതായിരിക്കും. എല്ലാദിവസവും രാവിലെ 9 മണിക്ക് ആരംഭിക്കുന്ന ഈ മധ്യസ്ഥ പ്രാർത്ഥന വിശുദ്ധ കുർബാനയോടുകൂടി

വൈകിട്ട് 5 മണിക്ക് അവസാനിക്കുന്നതായിരിക്കും. പ്രാർത്ഥന നിയോഗങ്ങൾ ഫോണിലൂടെ അറിയിക്കാനുള്ള ക്രമീകരണം ചെയ്യുന്നതാണ്. നിയോഗങ്ങൾ ഫോണിലൂടെ ലഭിച്ചു കഴിഞ്ഞാൽ ഉടൻ തന്നെ ആ നിയോഗങ്ങൾ എഴുതി പ്രാർത്ഥന നടത്തുന്നവരെ അറിയിക്കുന്നതും അവർ ആ നിയോഗത്തിൽ പ്രാർത്ഥിക്കുന്നതുമായിരിക്കും. കൂടാതെ ഓരോ ദിവസവും വരുന്ന പ്രാർത്ഥനാ നിയോഗങ്ങൾ ഒന്നിച്ച് ചേർത്ത് ആ ദിവസം നടത്തുന്ന വിശുദ്ധ കുർബാനയുടെ സമയത്ത് പ്രത്യേകം പ്രാർത്ഥിക്കുന്നതും വിശുദ്ധ കുർബാന അർപ്പിക്കുന്നതുമായിരിക്കും. ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ ഓർമ്മ പ്പെരുന്നാളിനോടനുബന്ധിച്ചുള്ള ഒരുക്ക പ്രാർത്ഥന ആരംഭിക്കുന്ന ജൂലൈ 1-ന് തന്നെ മധ്യസ്ഥപ്രാർത്ഥന ഔദ്യോഗികമായി ആരംഭിക്കുന്നതാണ്.

നിങ്ങൾക്ക് ധാരാളം പ്രാർത്ഥനാ നിയോഗങ്ങൾ ഉണ്ടാകുമെന്നറിയാം. ഈ പ്രാർത്ഥനാ നിയോഗങ്ങൾ വിളിച്ചു പറഞ്ഞാൽ കൃത്യമായി പ്രാർത്ഥിക്കുമെന്നും ആ നിയോഗത്തിൽ വിശുദ്ധ കുർബാന അന്നു തന്നെ അർപ്പിക്കുമെന്നും തീർച്ചയുള്ള ഒരു പ്രാർത്ഥനാ സങ്കേതമായി നമ്മുടെ വന്ദ്യ പിതാവിന്റെ കബറിടം രൂപപ്പെട്ടുവരുന്നത് ദൈവാത്മാവിന്റെ കൃപയായി കാണുന്നു. വർഷത്തിൽ ചുരുങ്ങിയത് ഒരു ദിവസമെങ്കിലും വന്ദ്യ പിതാവിന്റെ കബറിങ്കൽ വന്ന് മധ്യസ്ഥ പ്രാർത്ഥന നടത്തുന്നതും വർഷത്തിൽ ഒരു ദിവസമെങ്കിലും കബറിങ്കൽ ഒരു വിശുദ്ധ കുർബാന അർപ്പിക്കുന്നതും ഒരു പുണ്യവും ഭാഗ്യവുമാണ്. ഈ മദ്ധ്യസ്ഥ പ്രാർത്ഥനാ ശുശ്രൂഷയോട് നമ്മുടെ എല്ലാ ഇടവകകളും ബഹു. വൈദികരും സന്ന്യസ്തരും സഹകരിക്കുകയും ഈ ശുശ്രൂഷയെ പ്രോത്സാഹിപ്പിക്കുകയും ചെയ്യണം. കബറിങ്കൽ വന്ന് ഈ മധ്യസ്ഥ പ്രാർത്ഥന നടത്തുന്നതിനും വിശുദ്ധ കുർബാന അർപ്പിക്കുന്നതിനും താൽപര്യമുള്ള ബഹു. വൈദികരും ഇടവക സമൂഹവും തിരുവനന്തപുരം മേജർ അതിരൂപതാ സുവിശേഷസംഘ ഡയറക്ടർ ബഹു. ഗോഡ്ജോയി അച്ചനെ ഫോണിൽ വിളിച്ച് ദിവസവും സമയവും ക്രമീകരിക്കാവുന്നതാണ്.



ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ കബറിടം മലങ്കര സുറിയാനി കത്തോലിക്കർക്ക് ഒരു ആത്മീയ വികാരവും ദൈവകൃപയുടെ സ്രോതസുമാണല്ലോ. ഈ മധ്യസ്ഥ പ്രാർത്ഥനാ ശുശ്രൂഷ എല്ലാവർക്കും അനുഗ്രഹമായിരിക്കട്ടെ എന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

നിങ്ങളെ എല്ലാവരേയും ദൈവം ധാരാളമായി അനുഗ്രഹിക്കട്ടെ!

കർത്താവിൽ സ്നേഹപൂർവ്വം,



**✠ കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് ബാവാ**
മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്.

---

പ്രാർത്ഥനാ നിയോഗങ്ങൾ അറിയിക്കാനുള്ള ഫോൺ നമ്പർ
ഇടവക ജനങ്ങളെ അറിയിക്കണം **Ph: 8281512877**

വി. കുർബാന കബറിങ്കൽ ക്രമീകരിക്കുന്നതിനും മധ്യസ്ഥ പ്രാർത്ഥന ക്രമീകരിക്കുന്നതിനും റവ. ഫാ. ഗോഡ്ജോയി അച്ചനുമായി ബന്ധപ്പെടുക. **Ph: 8136825152**

---

*N.B: ഈ സർക്കുലർ അടുത്തു വരുന്ന ഞായറാഴ്ച വി. കുർബാന മദ്ധ്യേ നമ്മുടെ എല്ലാ പള്ളികളിലും, മിഷൻ കേന്ദ്രങ്ങളിലും, ആരാധനാ കേന്ദ്രങ്ങളിലും വായിക്കേണ്ടതും പ്രസക്തഭാഗം നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതുമാണ്.*